# രാഷ്ട്രീയക്കളിയുടെ അപകടമേഖലകൾ

**പി. റ്റി. ജേക്കബ്**

വനിതാകമ്മീഷൻ പിരിച്ചുവിടൽ, പുന:സംഘാടനം, വിജിലൻസ് കോടതികൾ നിർത്തലാക്കാനുള്ള നീക്കം, മാധ്യമങ്ങൾക്കു നേരെയുള്ള കടന്നുകയറ്റം... അപകടമേഖലയിലെ അപഥസഞ്ചാരം ആവർത്തിക്കുന്ന വാർത്തകളാണ് ഈയിടെയായി കേരളത്തിൽ ഒഴുകിക്കൊണ്ടിരിക്കുന്നത്.

ലാഭം മാത്രമായിരിക്കണം സർവ്വരാജ്യഭരണാധികാരികളുടേയും ആത്യന്തികലക്ഷ്യമെന്നതാണ് ആഗോളവൽക്കരണ സിദ്ധാന്തം. "മുണ്ടുമുറുക്കി ഉടുക്കുന്നതിനുള്ള "ആഹ്വാനമായും" കടുത്ത സാമ്പത്തിക നടപടിക"ളുടെ കോടാലിയായുമാണ് കേരളത്തിൽ അതു വീഴുന്നത്. പലതിനും മാതൃകയെന്ന് അഭിമാനിക്കാറുള്ള കേരളത്തിന്റെ തിരിച്ചൊഴുക്കാണ് അല്പകാലമായി നടക്കുന്നത്. ഏകാധിപതികൾ പോലും അവസാന റൗണ്ടിൽ കൈവെക്കുന്ന നീതിന്യായ സംവിധാനത്തിൽ ആദ്യവർഷം തന്നെ കൈവെക്കുന്നതിന് പുതിയ ജനകീയ സർക്കാർ മടിച്ചില്ല. ജോലിഭാരം കൊണ്ട് ശ്വാസം മുട്ടിയിരുന്ന വനിതാകമ്മീഷൻ അംഗങ്ങളുടെ എണ്ണം ഏഴിൽ നിന്ന് മൂന്നായി കുറച്ചത് ചെലവു ചുരുക്കലിന്റെ ഭാഷ്യത്തിലാണ്. തൃശ്ശൂരും കോഴിക്കോട്ടും വിജിലൻസ് കോടതികൾ നിറുത്താനുള്ള നീക്കത്തിന് കാരണം ജോലിഭാരം കുറവായതായിരുന്നു. പിന്നീട് കോടതികൾ നിറുത്തലാക്കാനുള്ള പ്രഖ്യാപനം പിൻവലിച്ചത് വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ആണെന്ന് വിശദീകരിക്കുകയും ചെയ്തു. ഇവയിലെല്ലാം ചെലവുചുരുക്കലിന്റെ നൂൽമറ ഉണ്ടായിരുന്നെങ്കിൽ പ്രഗത്ഭയും മുൻ ഹൈക്കോടതി ജഡ്ജിയുമായിരുന്ന വനിതാകമ്മീഷൻ ചെയർപേഴ്സണെ അകാലത്ത് പിരിച്ചുവിട്ടതിൽ അതുമില്ല.

140-ഓളം കേസുകളാണ് കോഴിക്കോട് വിജിലൻസ് കോടതിയിൽ നിലവിലുള്ളത്. 1992ൽ ആരംഭിച്ച കുപ്രസിദ്ധമായ വാൽവ് കേസ് ഉൾപ്പെടെ സവിശേഷ ശ്രദ്ധയാകർഷിപ്പിക്കുന്നവയും ഇതിൽപ്പെടുന്നു. ഇത്തരം കേസുകളിലും വരാനിരിക്കുന്ന കേസുകളിലും സാക്ഷികളും മറ്റും തിരുവനന്തപുരം വരെ പോകേണ്ടിവരുമെന്നതാണ് വിജിലൻസ് കോടതികൾ കോഴിക്കോട്ടും തൃശ്ശൂരും നിർത്തലാക്കിയാൽ ഉണ്ടാകുന്ന പ്രത്യാഘാതം. കേസുകളുടെ എണ്ണം മാത്രം നോക്കി ചുവപ്പുകൊടി ഉയർത്തേണ്ട യന്ത്രമല്ല വിജിലൻസ് കോടതികൾ; അത് ജനങ്ങൾക്ക് പ്രതീക്ഷയും പ്രതീകവും കൂടിയാണ്. അഴിമതിയുടെ ഒരംശം മാത്രമാണ് വിജിലൻസ് കോടതിയിൽ എത്താറുള്ളതെങ്കിലും അതിന്റെ അസ്ഥിത്വം അഴിമതിക്കാർക്ക് ഭീഷണിയും അഴിമതി സഹിച്ച മടുത്ത ജനങ്ങൾക്ക് ഒരാശ്വാസവുമാണ്.

ലോകത്ത് ഏറ്റവും അധികം അഴിമതിയുള്ള രാഷ്ട്രങ്ങളിലൊന്നാണ് ഇന്ത്യയെന്നാണ് ബെർലിൻ കേന്ദ്രമായി പ്രവർത്തിക്കുന്ന ട്രാൻസ്പേരൻസി ഇന്റർനാഷണലിന്റെ സർവ്വേറിപ്പോർട്ട്. അഴിമതി കേസുകളിൽ 5% മാത്രമേ ഇന്ത്യയിൽ ശിക്ഷിക്കപ്പെടുന്നുള്ളൂ എന്നതാണ് പ്രധാന ന്യൂനത. കേന്ദ്രത്തിൽ സി. ബി. ഐയും സംസ്ഥാനത്ത് പോലീസിലെ വിജിലൻസ് വിഭാഗവുമാണ് അന്വേഷണ ഏജൻസി.

മറ്റൊരു അപകട മേഖലയാണ് നിയമസഭാവാർത്തകളിൽ സ്പീക്കറുടെ നിയന്ത്രണം. "കോടതികൾ സ്വയം നിയമമുണ്ടാക്കുന്നു, വ്യാഖ്യാനിക്കുന്നു, നടപ്പിലാക്കുന്നു" എന്ന അദ്ദേഹത്തിന്റെ അഭിപ്രായം രണ്ടു മാസം മുമ്പ് എല്ലാ പത്രങ്ങളും റിപ്പോർട്ടു ചെയ്തിരുന്നതാണ്. ജനാധിപത്യത്തിന്റെ നാലാം എസ്റ്റേറ്റായ മാധ്യമങ്ങളുടെ മേലുള്ള നിയന്ത്രണം മുൻ അഭിപ്രായവുമായി ചേർത്തു വായിച്ചാൽ ജനാധിപത്യം അതാതു കാലത്തെ ഭരണരാഷ്ട്രീയക്കാരുടെ ആധിപത്യം മാത്രമായി ചുരുങ്ങിക്കൊണ്ടിരിക്കുന്നു എന്നു കാണാം. പ്രതിവർഷം 14.5 കോടി രൂപ(2001-2002 ബഡ്ജറ്റ്) ദൈനംദിനചെലവിന് കേരളനിയമസഭയ്ക്കുവേണ്ടി നൽകുന്ന ജനങ്ങൾക്ക് അവരുടെ പ്രതിനിധികളും ഭരണകർത്താക്കളും നിയമസഭയിൽ പറയുന്നത് കേൾക്കാനും ചെയ്യുന്നത് കാണാനും ഉള്ള അവകാശമുണ്ട്. സാക്ഷരതയിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന രാജസ്ഥാനിലും വ്യക്തിപൂജയ്ക്കു മലയാളി എന്നും പരിഹസിക്കാറുള്ള തമിഴ്നാട്ടിലും അറിയാനുള്ള അവകാശം നിയമമായി. ഇവിടെ ജനങ്ങളെ അജ്ഞതരാക്കി നിറുത്തുന്നതിൽ ഇടതുപക്ഷവും വലതുപക്ഷവും വിജയിച്ചിരിക്കുകയാണ്. സാക്ഷരത അറിവിനു വേണ്ടിയും രാഷ്ട്രീയം രാഷ്ട്രത്തിനു വേണ്ടിയും എന്ന തിരിച്ചറിവ് കക്ഷിരാഷ്ട്രീയത്തിന് അതീതമായി കേരളത്തിലെ ജനങ്ങൾക്കു ഉണ്ടായില്ലെങ്കിൽ കേരളം പിന്നാക്കസംസ്ഥാനമായി മാറുന്നതിന് അധികകാലം വേണ്ടിവരില്ല.